I/2151/2023

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : എം ജി രാജമാണിക്കം IAS)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സീനിയർ ക്ലാർക്കുമാരെ സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .LSGD/PD/12509/2023-DEB3തീയതി:14-03-2023

പരാമർശം: സർക്കാർ ഉത്തരവ് (സാധാ) നം. 246/2022/തസ്വഭവ തീയതി 04/11/2022

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിൽ (പഞ്ചായത്ത് ) ജീവനക്കാരുടെ വിരമിക്കൽ, സ്ഥാനക്കയറ്റം, വിരമിക്കലിന് മുന്നോടിയായുള്ള അവധി,തുടങ്ങിയ .കാരണങ്ങളാൽ അക്കൗണ്ടന്റ് തസ്തികകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുതുതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് നിലവിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുന്നത് ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി രൂപീകരണ നിർവഹണ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ട്. 2023-24 വർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും 2022-23 പദ്ധി നിർവഹണ പ്രവർത്തനങ്ങളും സുഗമമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ നടപടികൾ 31/3/2023 വരെ താത്ക്കാലികമായി നിർത്തിവയ്ക്കേണ്ടത് .അനിവാര്യമാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ അക്കൗണ്ടന്റ് തസ്തികകളിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് താഴെ പറയുന്ന ജീവനക്കാരെ 39300/- 83000/- ശമ്പള സ്കെയിലിൽ അക്കൗണ്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് .നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | PEN | പേര്,<br>നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | 1884 | 813517 | സാം R<br>കിളിമാനൂർ ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം | വെള്ളറട<br>ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം |
| 2 | 1885 | 581130 | ശ്രീജ V<br>PAU,തൃക്കടവൂർ,കൊല്ലം | നെടുവത്തൂർഗ്രാമപഞ്ചായത്ത്,കൊല്ലം |
| 3 | 1886 | 581957 | മായ L<br>DDP<br>ഓഫീസ് എറണാകുളം | എടവിലങ്ങ്ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ |
| 4 | 1887 | 835566 | സരിക S R<br>വെളിയം ഗ്രാമപഞ്ചായത്ത്,കൊല്ലം | പിറയിരി ഗ്രാമപഞ്ചായത്ത്,പാലക്കാട് |
| 5 | 1888 | 575597 | പാർവതി ഗോപകുമാർ പി<br>എളമ്പല്ലൂർ ഗ്രാമപഞ്ചായത്ത്കൊല്ലം<br>(കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അന്യത്ര സേവനത്തിൽ) | കൊപ്പം ഗ്രാമപഞ്ചായത്ത്,<br>പാലക്കാട്<br>(അന്യത്ര സേവനത്തിൽ തുടരാൻ അനുവദിക്കുന്നു) |
| 6 | 1889 | 577307 | നിജി കുര്യാക്കോസ്<br>DDP<br>ഓഫീസ് എറണാകുളം | ചൊവ്വന്നൂർ<br>ഗ്രാമപഞ്ചായത്ത് തൃശ്ശൂർ |
| 7 | 1890 | 579087 | ഷീജ P<br>പഴയകുന്നുമ്മേൽ<br>ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം | വെള്ളനാട് ഗ്രാമപഞ്ചായത്ത്,<br>തിരുവനന്തപുരം |
| 8 | 1891 | 579378 | ബിൻസൺ തോമസ്<br>വാരാപ്പെട്ടി ഗ്രാമപഞ്ചായത്ത്, എറണാകുളം | കോട്ടൂർ<br>ഗ്രാമപഞ്ചായത്ത്,കോഴിക്കോട് |

| | | | | |
|---|---|---|---|---|
| | | | | |
| 9 | 1892 | 362030 | ഗോപിനാഥകുറുപ്പ് ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത്,കൊല്ലം | പൂക്കോട്ടൂർഗ്രാമപഞ്ചായത്ത് മലപ്പുറം |
| 10 | 1893 | 575586 | സീമ രാമചന്ദ്രൻ കുന്നുകര ഗ്രാമപഞ്ചായത്ത് എറണാകുളം | കൊപ്പം ഗ്രാമപഞ്ചായത്ത്, പാലക്കാട് |
| 11 | 1895 | 905298 | ഷീബT A കോരുത്തോട് ഗ്രാമപഞ്ചായത്ത് കോട്ടയം | ഏലപ്പാറഗ്രാമപഞ്ചായത്ത് ഇടുക്കി |

ടിയാളുകളുടെ ടി ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള നിയമനം 31/03/2023 തീയതിയ്ക്ക് ശേഷം, പൊതുസ്ഥലംമാറ്റ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിലേയ്ക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേയ്ക്ക് ടിയാളുകളെ സ്ഥലം മാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുനഃപരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ, അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും .അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല

സാമ്പത്തിക വർഷം അവസാനിക്കുന്ന സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ അക്കൗണ്ടന്റുമാരുടെ സേവനം അനിവാര്യമായതിനാൽ ടി ജീവനക്കരെ ബന്ധപ്പെട്ട മേലധികാരി ഉടൻ വിടുതൽ ചെയ്യേണ്ടതും നിയമാനുസൃതമായ യാത്രാസമയം(JOURNEY TIME) മാത്രം എടുത്തുകൊണ്ട് ജീവനക്കാർ പുതിയ സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ് .വിടുതൽ/സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ് :

1. ജീവനക്കാർക്ക് (മേലധികാരി മുഖേന)
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മാർക്ക്
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
M.g. rajamanickam Ias
Date: 14-03-2023 15:48:05